LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴത്തെ മിനിമം ചാർജ്

സർവ്വീസിന്റെ തരം	മിനിമം നിരക്ക്
സിറ്റി/ഓർഡിനറി	7 രൂപ
സിറ്റി ഫാസ്റ്റ്	7 "
ഫാസ്റ്റ് പാസഞ്ചർ/ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ	10 "
സൂപ്പർ ഫാസ്റ്റ്	13 "
സൂപ്പർ എക്സ്പ്രസ്സ്	20 "
സൂപ്പർ ഡീലക്സ്	28 "
ലക്ഷ്വറി/ഹൈടെക് എ.സി	40 "
വോൾവോ	40 "

കെ.എസ്.ആർ.ടി.സി ഷെഡ്യൂളുകൾ

335 (346) <u>ശ്രീമതി ജമീലാ പ്രകാശം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യുടെ വിഴിഞ്ഞം, പൂവ്വാർ ഡിപ്പോകളിൽ നിന്ന് എത്ര ഷെഡ്യൂളുകൾ വീതമാണ് ഓപ്പറേറ്റ് ചെയ്യേണ്ടത് ;

(ബി) ഇപ്പോൾ എത്ര ഷെഡ്യൂളുകൾ വീതമാണ് ഓപ്പറേറ്റ് ചെയ്യുന്നത് ;

(സി) പ്രസ്തുത ഡിപ്പോകളിൽ പ്രവർത്തനക്ഷമമായ എത്ര ബസുകൾ വീതം ഉണ്ട് ;

(ഡി) പ്രസ്തുത രണ്ടു ഡിപ്പോകളുടെയും ബസുകൾ ഓപ്പറേറ്റ് ചെയ്യുന്നത് ദേശസാൽകൃത മേഖലയിൽ മാത്രമാണെന്നുള്ള വസ്തുത കണക്കിലെടുത്ത് ഈ ഡിപ്പോകളിലേക്ക് കൂടുതൽ ബസുകൾ അനുവദിക്കാൻ തയ്യാറാകുമോ ?

<u>ഉത്തരം</u>

(എ) വിഴിഞ്ഞം യൂണിറ്റിൽ നിന്നും 2 ജൻറം സർവ്വീസ് ഉൾപ്പെടെ 74 ഷെഡ്യൂളുകളും പൂവാർ യൂണിറ്റിൽ നിന്നും 3 ജൻറം ഉൾപ്പെടെ 73 ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്.

(ബി) വിഴിഞ്ഞം, പൂവാർ യൂണിറ്റുകളിൽ നിന്നും ഇപ്പോൾ 2 വീതം ജൻറം സർവ്വീസ് ഉൾപ്പെടെ പ്രതിദിനം ശരാശരി 52 സർവ്വീസുകൾ വീതം ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്.

(സി) 23-11-2015-ലെ കണക്കുപ്രകാരം വിഴിഞ്ഞം ഡിപ്പോയിൽ 2 JNRUM ബസുകൾ ഉൾപ്പെടെ 67 ബസുകൾ ഉള്ളതിൽ 59 ബസുകൾ പ്രവർത്തനക്ഷമമായിരുന്നു. പൂവ്വാർ ഡിപ്പോയിൽ 3 JNRUM ബസുകൾ ഉൾപ്പെടെ 63 ബസുകൾ ഉള്ളതിൽ 52 ബസുകൾ പ്രവർത്തനക്ഷമമായിരുന്നു.

(ഡി) പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് ആവശ്യമായ ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക സ്ഥിതി

336 (347) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യ്ക്ക് ഇപ്പോൾ പ്രവർത്തനക്ഷമമായതും, സർവ്വീസ് നടത്തുന്നതുമായ എത്ര ബസ്സുകൾ ഉണ്ടെന്നും ആകെ ജീവനക്കാർ എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) 2010-11 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.യുടെ മൊത്ത വരുമാനം എത്ര കോടി രൂപയായിരുന്നു; 2014-15 വർഷത്തെ മൊത്ത വരുമാനം എത്ര കോടിയാണ്; 2015-16 വർഷത്തെ ബഡ്ജറ്റ് പ്രകാരം പ്രതീക്ഷിക്കുന്ന മൊത്ത വരുമാനം എത്ര കോടിയാണ് ;

(സി) കെ.എസ്.ആർ.ടി.സി. 2010-11 -ന് ശേഷം നാളിതുവരെ എത്ര തവണ ബസ് ചാർജ് വർദ്ധിപ്പിക്കുകയുണ്ടായി ; ഓരോ തവണയും വർദ്ധിപ്പിച്ചത് എത്ര ശതമാനം വീതമായിരുന്നു ;

(ഡി) 2010-11 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം മൊത്തം എത്ര കോടി രൂപയായിരുന്നു. 2014-15 വർഷത്തിൽ ഇത് എത്ര കോടിയായി വർദ്ധിച്ചു; കെ.എസ്.ആർ.ടി.സി യുടെ ഇപ്പോഴത്തെ കട ബാധ്യതകൾ മൊത്തം എത്ര കോടി രൂപയാണ്?

ഉത്തരം

(എ) 23-11-2015-ലെ കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി.ക്ക് 5,566 ബസുകൾ ഉള്ളതിൽ 4,838 ബസ്സുകൾ പ്രവർത്തനക്ഷമമണ്.

36843 സ്ഥിരം ജീവനക്കാരും 11361 താൽക്കാലിക ജീവനക്കാരും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly